# SREE PADMANABHA SWAMY TEMPLE

MATHILAKAM OFFICE, WEST NADA, FORT, THIRUVANANTHAPURAM – 695023
Phone: 0471 2450233, 2450031 ; Fax: 0471 2450233
Website: www.sreepadmanabhaswamytemple.org; E-mail: rathishshripadmanabha@gmail.com

നമ്പർ ഡി.500/2020/എസ്.പി.എസ്.ററി 19.09.2020

## ടെൻഡർ നോട്ടീസ്

ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം വക വടക്കേനടയിലുള്ള നവീകരിച്ച 9 കടമുറികളിൽ 7 എണ്ണം ടെൻഡർ വ്യവസ്ഥയിൽ അനുവദിച്ച് നൽകിയിട്ടുള്ളതാകുന്നു. ബാക്കി വന്ന 2 (9,10 എന്നീ കടമുറികൾ) കടമുറികൾ ഓരോന്നും പ്രത്യേകമായി ടെൻഡർ വ്യവസ്ഥയിൽ നിബന്ധനകൾക്ക് വിധേയമായി പുനർ ടെൻഡർ ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു. ടെൻഡർ ഫോറവും നിബന്ധനകളും ഡെപ്പോ സിറ്റ് രേഖപ്പെടുത്തി സമർപ്പിക്കാനുള്ള ഫോറവും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടു ണ്ട്.

നിരതദ്രവ്യം ഒരു ലക്ഷം രൂപ ക്ഷേത്രം കൗണ്ടറിൽ ഒടുക്കിയതിനുള്ള രസീതോ അല്ലെങ്കിൽ എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിലെടുത്ത ഒരു ലക്ഷം രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റോ ടെൻഡറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ഒരാൾക്ക് ഒരു കടമുറി മാത്രമേ അനുവദിക്കുകയുള്ളൂ.

ഒന്നിൽ കൂടുതൽ ആൾക്കാർ ഒരു കടയ്ക്ക് ടെൻഡർ സമർപ്പിക്കുകയാണെങ്കിൽ കൂടുതലായി ഡിപ്പോസിററ് തുക രേഖപ്പെടുത്തിയിട്ടുള്ളയാൾക്ക് കടമുറി അനുവദിക്കുന്നതായിരിക്കും.

ടെൻഡർ ഫോറവും നിബന്ധനകൾ അടങ്ങുന്ന ഫോറവും ഡെപ്പോസിറ്റ് രേഖ പ്പെടുത്താനുള്ള ഫോറവും പൂരിപ്പിച്ച് ഓരോ പേജിലും ഒപ്പു വച്ച് സമർപ്പിക്കേണ്ടതാണ്. ടെൻഡർ ഫോറത്തിൽ അപേക്ഷകന്റെ ഫോട്ടോ ഒട്ടിക്കേണ്ടതാണ്.

സമർപ്പിക്കേണ്ട ഫോറങ്ങളുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു,

1. ടെൻഡർ ഫോറം (ഫോട്ടോ ഒട്ടിച്ചിരിക്കണം)
2. നിബന്ധനകൾ അടങ്ങുന്ന ഫോറം
3. നിരതദ്രവ്യം (ഒരു ലക്ഷം രൂപ കൗണ്ടറിൽ ഒടുക്കിയതിനുള്ള രസീത് അല്ലെങ്കിൽ ഒരു ലക്ഷം രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ്)
4. ആധാർ കാർഡിന്റെ /ഫോട്ടോ പതിച്ച തിരിച്ചറിയയൽ കാർഡിന്റെ പകർപ്പ്,
5. റേഷൻ കാർഡിന്റെ പകർപ്പ്
6. ഏറ്റവും അടുത്ത ആറുമാസത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ്

7. എസ്.എസ്.എൽ.സി ബുക്കിന്റെ പകർപ്പ്- ഇതിൽ ജനനതീയതി, മതം എന്നിവ തെളിയിക്കുന്നതിനുള്ള വിവരം ഉണ്ടായിരിക്കണം. ഇല്ലെങ്കിൽ ഇവ തെളിയിക്കുന്ന രേഖ

8. ഡെപ്പോസിറ്റ് തുക രേഖപ്പെടുത്തിയ ഫോറം

ആദ്യം പറഞ്ഞ 2 ഫാറങ്ങളും പൂരിപ്പിച്ച് എല്ലാപേജിലും ഒപ്പ് വച്ച് 3,4,5,6,7 ൽ പറഞ്ഞ രേഖകളോടൊപ്പം ഒരു നൂലിൽ കൊരുത്തോ Staple ചെയ്തോ ഒരു കവറിൽ ഇടേണ്ടതാണ്. അതിനു ശേഷം 8 ൽ പറഞ്ഞ ഫാറം പൂരിപ്പിച്ച് ഒപ്പുവെച്ച് ഒരു കവറിൽ ഇട്ട് ഒട്ടിച്ചശേഷം ആദ്യത്തെ കവറിൽ ഇടേണ്ടതും ആ കവർ ഒട്ടിച്ച് സീൽ ചെയ്യേണ്ടതുമാണ്. ടെൻഡർ അടങ്ങിയ സീൽ ചെയ്ത കവർ21- ാം തീയതി 4 മണിക്കകം വടക്കേ നടയിലുള്ള ക്ഷേത്രം ഓഫീസിലെ ടെൻഡർ ബോക്സിൽ നിക്ഷേപിക്കേണ്ടതാണ്

9. ലഭിച്ച ടെൻഡറുകൾ അപ്പോൾ സന്നിഹിതരായിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ അന്നേ ദിവസം 4:30 മണിക്ക് തുറന്നു പരിശോധിക്കുന്നതും ന്യൂനതയുള്ള ടെൻഡറുകൾ തള്ളുന്നതുമാണ്. ഇതു സംബന്ധിച്ച് എക്സിക്യൂട്ടീവ് ഓഫീസറുടെ തീരുമാനം അന്തിമമായിരിക്കും.

എക്സിക്യൂട്ടീവ് ഓഫീസർ

SREE PADMANABHA SWAMY TEMPLE
FORT, THIRUVANANTHAPURAM-23

ക്ഷേത്രം
ഓഫീസ് സീൽ

പകർപ്പ്- മാനേജർ, അക്കൗണ്ട്സ് ഓഫീസർ, അസ്സി. അക്കൗണ്ട്സ് ഓഫീസർ, ആഡിറ്റ് സെക്ഷൻ, നാല് നടകൾ, നോട്ടീസ് ബോർഡ്, വെബ്സൈറ്റ്, ശ്രീ. വിഷ്ണു വിജയ് (സർവർ റൂം ക്ലാർക്ക്) ഓഫീസ് നോട്ടീസ് ബോർഡ്.